I/82673/2023

**ഭരണഭാഷ -മാതൃഭാഷ**

<u>**നമ്പര്.TCPKZD/774/2022-സി1**</u>

**ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം**
**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**An ISO 9001 2015 Certified Office**
കെ.യു.ആര്.ഡി.എഫ്.സി ബില്‍ഡിംഗ്,
ചക്കോരത്തുകുളം, വെസ്റ്റ്ഹില്‍ (പി.ഒ),
കോഴിക്കോട്, തീയതി.**13-01-2023**
ഫോണ്‍: **0495-2369300**
ഇമെയില്‍ :**tpkzd.lsgdplng@kerala.gov**

**നഗരാസൂത്രകന്‍,**
കോഴിക്കോട്.

**അസി.എന്‍ജിനിയര്‍**
കോഴിക്കോട് നഗരസഭ(ബേപ്പൂര്‍ മേഖല)

സര്‍,

വിഷയം:- കോഴിക്കോട് നഗരസഭ(ബേപ്പൂര്‍ മേഖല)-പരിസ്ഥിതി ലോല മേഖലയില്‍ വാസഗൃഹ നിര്‍മ്മാണം -ശ്രീ.ശഹീദ് & ശ്രീമതി സഹനാസ് എന്നവരുടെ അപേക്ഷയില്‍ കണ്‍കറന്‍സ് അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന:- താങ്കളുടെ 14/12/2022 ലെ BZ/TP/6821/22നമ്പര്‍ കത്ത്

കോഴിക്കോട് നഗരസഭ(ബേപ്പൂര്‍ മേഖല) -വാര്‍ഡ്-8,റീസര്‍വേ നമ്പര്‍ 2/2 -ല്‍ 202 ച.മീ സ്ഥലത്ത് 64.73 ച.മീ ബില്‍റ്റ്അപ്പ് ഏരിയയില്‍ ഒരു വാസഗൃഹ നിര്‍മാണത്തിന് ശ്രീ.ശഹീദ് & ശ്രീമതി സഹനാസ് എന്നവര്‍ സമര്‍പ്പിച്ച അപേക്ഷ കോഴിക്കോട് അര്‍ബന്‍ ഏരിയ മാസ്റ്റര്‍ പ്ലാന്‍ സോണിങ് റെഗുലെഷന്‍സ് ചട്ടം 25.1 (12 C) പ്രകാരം താഴെ പറയുന്ന നിബന്ധനകള്‍ക്ക് വിധേയമായി കണ്‍കറന്‍സ് അനുമതി നല്‍കുന്നു .

<u>**നിബന്ധനകള്‍**</u>

1. നിര്‍മ്മാണം കെ പി ബി ര്‍ 2019 ചട്ടങ്ങള്‍ക്കും അനുബന്ധ ഭേദഗതികള്‍ക്കും അനുസൃതമായിരിക്കണം.
2. കെ പി ബി ര്‍ 2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ അതിരുകളും അളവുകളും പ്രമാണങ്ങളും ആധികാരിതയും ഉടമസ്ഥാവകാശവും നിര്‍മ്മാണാവകാശവും പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.
3. അനുമതി നല്‍കുന്നതിന് മുന്‍പ് CRZ അനുമതി ലഭ്യമായിട്ടുണ്ടെന്ന് (തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം 2011, അവയുടെ തുടര്‍ന്നുള്ള ഭേദഗതികള്‍, സര്‍ക്കാര്‍ ഉത്തരവുകള്‍ എന്നിവക്ക് വിധേയമാണെന്ന്) സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
4. കേരള നെല്‍വയല്‍ തണ്ണീര്‍ത്തട സംരക്ഷണ നിയമത്തിന്റെ ബാധകമായ വ്യവസ്ഥകള്‍ക്ക് വിധേയമാണെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

**നോട്ട്:-** *ഇത് കോഴിക്കോട് അര്‍ബന്‍ ഏരിയ മാസ്റ്റര്‍പ്ലാന്‍ മേഖല നിയന്ത്രണചട്ടം പ്രകാരം* പരിസ്ഥിതി ലോല മേഖലയില്‍ *വാസഗൃഹം നിര്‍മ്മിക്കാനുള്ള കണ്‍കറന്‍സ്*

I/82673/2023

*മാത്രമാണ്. സമർപ്പിച്ച പ്ലാനുകൾ പരിശോധിച്ചശേഷം ചട്ടപ്രകാരമുള്ള കെട്ടിട നിർമ്മാണ അനുമതി സെക്രട്ടറിക്ക് നൽകാവുന്നതാണ് .*

താങ്കളുടെ എഴുത്തിനോടൊപ്പം ലഭിച്ച പ്ലാനിന്റെ ഒരുകോപ്പി ഇതോടൊന്നിച്ച് തിരിച്ചയക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Girish Kumar T K
Date: 13-01-2023 16:59:10

**നഗരാസൂത്രകൻ, കോഴിക്കോട്.**

പകർപ്പ് :-അപേക്ഷകന്

ഉള്ളടക്കം:-മേൽ പറഞ്ഞവ